✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1041

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 50**

മാതൃ-പിതൃ സഹോദരീ സഹോദരന്മാരുടെ പെൺമക്കളെയും പുരുഷന് സ്വയം സമർപ്പിക്കുന്ന സ്ത്രീകളെയും വിവാഹം ചെയ്യാൻ എല്ലാ മുസ്‌ലിംകൾക്കും അനുവാദമുണ്ട്. സ്വയം സമർപ്പിതയായ സ്ത്രീയെ വിവാഹം ചെയ്യുന്നതിന് അവളുടെ രക്ഷിതാവിന്റെ സമ്മതം ആവശ്യമാകുന്നു. അവൾക്ക് ന്യായമായ വിവാഹമൂല്യം നൽകാൻ പുരുഷൻ ബാധ്യസ്തനുമാകുന്നു.

يَٰٓأَيُّهَا ٱلنَّبِيُّ إِنَّآ أَحۡلَلۡنَا لَكَ أَزۡوَٰجَكَ ٱلَّٰتِيٓ ءَاتَيۡتَ
أُجُورَهُنَّ وَمَا مَلَكَتۡ يَمِينُكَ مِمَّآ أَفَآءَ ٱللَّهُ عَلَيۡكَ
وَبَنَاتِ عَمِّكَ وَبَنَاتِ عَمَّٰتِكَ وَبَنَاتِ خَالِكَ وَبَنَاتِ خَٰلَٰتِكَ
ٱلَّٰتِي هَاجَرۡنَ مَعَكَ وَٱمۡرَأَةٗ مُّؤۡمِنَةً إِن وَهَبَتۡ نَفۡسَهَا
لِلنَّبِيِّ إِنۡ أَرَادَ ٱلنَّبِيُّ أَن يَسۡتَنكِحَهَا خَالِصَةٗ لَّكَ مِن دُونِ
ٱلۡمُؤۡمِنِينَۗ قَدۡ عَلِمۡنَا مَا فَرَضۡنَا عَلَيۡهِمۡ فِيٓ أَزۡوَٰجِهِمۡ
وَمَا مَلَكَتۡ أَيۡمَٰنُهُمۡ لِكَيۡلَا يَكُونَ عَلَيۡكَ حَرَجٞۗ
وَكَانَ ٱللَّهُ غَفُورٗا رَّحِيمٗا ﴿٥٠﴾

50. അല്ലയോ പ്രവാചകാ, നീ വിവാഹമൂല്യം നൽകിയിട്ടുള്ള ഭാര്യമാരെ നാം നിനക്ക് അനുവദിച്ചിട്ടുള്ളതാകുന്നു. അല്ലാഹു നിനക്കെത്തിച്ചുതന്നവരിൽനിന്ന് നിന്റെ ഉടമസ്ഥതയിലുള്ളവരെയും നിന്നോടൊപ്പം ദേശത്യാഗം ചെയ്ത, നിന്റെ പിതൃ-മാതൃ സഹോദരീ സഹോദരങ്ങളുടെ പെൺമക്കളെയും നീ വിവാഹം ചെയ്യുന്നത് അനുവദനീയമാക്കിയിരിക്കുന്നു. പ്രവാചകനു വേണ്ടി സ്വയം സമർപ്പിച്ച വിശ്വാസിനിയെയും പ്രവാചകൻ ഉദ്ദേശിക്കുന്നുവെങ്കിൽ വിവാഹം ചെയ്യാം. ഈ വിധി മറ്റു വിശ്വാസികൾക്കില്ലാതെ നിനക്കു മാത്രമുള്ളതാകുന്നു. ഭാര്യമാരുടെയും ഉടമസ്ഥതയിലുള്ള സ്ത്രീകളുടെയും കാര്യത്തിൽ അവർക്ക് നിശ്ചയിച്ചിട്ടുള്ള നിയമങ്ങളെന്തെന്ന് തീർച്ചയായും നമുക്കറിയാം. നിനക്ക് ബുദ്ധിമുട്ടുണ്ടാവാതിരിക്കാനാണ് നിന്നെ പരിധിയിൽനിന്നൊഴിവാക്കിയത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമല്ലോ.

**50**

يَا أَيُّهَا النَّبِيُّ = അല്ലയോ പ്രവാചകാ إِنَّا أَحْلَلْنَا لَكَ = നാം നിനക്ക് അനുവദിച്ചു(ച്ചിട്ടുള്ളതാകുന്നു)
أَزْوَاجَكَ اللَّاتِي آتَيْتَ أُجُورَهُنَّ= നീ വിവാഹമൂല്യം നൽകിയിട്ടുള്ളവരായ ഭാര്യമാരെ
وَمَا مَلَكَتْ يَمِينُكَ مِمَّا أَفَاءَ اللَّهُ عَلَيْكَ = അല്ലാഹു നിനക്ക് സമരാർജിതമായി തന്നിട്ടുള്ളവരിൽനിന്ന് നിന്റെ വലം കൈ ഉടമസ്ഥമായവരെയും (അല്ലാഹു എത്തിച്ചുതന്നവരിൽനിന്ന് നിന്റെ ഉടമസ്ഥതയിലുള്ളവരെയും)

وَبَنَاتِ عَمِّكَ وَبَنَاتِ عَمَّاتِكَ وَبَنَاتِ خَالِكَ وَبَنَاتِ خَالَاتِكَ = നിന്റെ പിതൃസഹോദരന്റെ പുത്രിമാരെയും പിതൃസഹോദരിയുടെ പുത്രിമാരെയും മാതൃസഹോദരന്റെ പുത്രിമാരെയും മാതൃസഹോദരിയുടെ പുത്രിമാരെയും (മാതൃ-പിതൃ സഹോദരീ സഹോദരന്മാരുടെ) പെൺമക്കളെയും (നീ വിവാഹം ചെയ്യുന്നത് അനുവദനീയമാകുന്നു)

اللَّاتِي هَاجَرْنَ مَعَكَ = നിന്റെ കൂടെ ദേശത്യാഗം ചെയ്തവരായ

وَامْرَأَةً مُّؤْمِنَةً = സത്യവിശ്വാസിനിയായ സ്ത്രീയെയും (വിവാഹം ചെയ്യാം)

إِن وَهَبَتْ نَفْسَهَا = അവൾ തന്നെ (സ്വയം) സമർപ്പിച്ചുവെങ്കിൽ لِلنَّبِيِّ = പ്രവാചകനുവേണ്ടി

إِنْ أَرَادَ النَّبِيُّ = പ്രവാചകൻ ഉദ്ദേശിച്ചുവെങ്കിൽ أَن يَسْتَنكِحَهَا = അവളെ നികാഹ് ചെയ്യാൻ

خَالِصَةً لَّكَ = (ഈവിധം) നിനക്ക് തനിച്ചു (മാത്രം) ഉള്ളതാകുന്നു مِن دُونِ الْمُؤْمِنِينَ = (മറ്റു) വിശ്വാസികൾക്ക് ഇല്ലാതെ

قَدْ عَلِمْنَا = തീർച്ചയായും നാം അറിഞ്ഞു (നമുക്കറിയാം)

مَا فَرَضْنَا عَلَيْهِمْ = അവർക്കു നാം നിശ്ചയിച്ചിട്ടുള്ളത് (നിയമങ്ങൾ ഏതെന്ന്)

فِي أَزْوَاجِهِمْ = അവരുടെ ഭാര്യമാരി(രുടെ കാര്യത്തി)ൽ

وَمَا مَلَكَتْ أَيْمَانُهُمْ = അവരുടെ വലംകൈകൾ ഉടമകളായിട്ടുള്ളവരുടെയും (ഉടമസ്ഥതയിലുള്ള സ്ത്രീകളുടെയും കാര്യത്തിൽ)

لِكَيْلَا يَكُونَ عَلَيْكَ حَرَجٌ = നിനക്കു ബുദ്ധിമുട്ട് ഉണ്ടാവാതിരിക്കാൻ (നാണ് നിന്നെ പരിധിയിൽനിന്ന് ഒഴിവാക്കിയത്)

وَكَانَ اللَّهُ غَفُورًا رَّحِيمًا = അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു

നേരത്തേ സൂചിപ്പിച്ചതുപോലെ ബഹുഭാര്യത്വത്തിൽ സാധാരണ വിശ്വാസികൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണവും പരിമിതിയും പ്രവാചകന് ബാധകമല്ല എന്ന് അറിയിക്കുകയാണ്. ഈ അറിയിപ്പിന്റെ പശ്ചാത്തലം ഇതാണ്: ഈ സൂറഃ അവതരിക്കുന്ന കാലം വരെ പ്രവാചകന് നാലു ഭാര്യമാരാണുണ്ടായിരുന്നത്. ആഇശ, ഹഫ്സ, സൗദ, ഉമ്മ സലമ (റ). സൈനബ് ബിൻത് ഖുസൈമ എന്ന അൻസാരി വനിതയെയും വിവാഹം ചെയ്തിരുന്നുവെങ്കിലും അവർ ഹി. 4-ാം വർഷം മരിച്ചുപോയിരുന്നു. സൈദിന്റെ വിധവ സൈനബിനെ നബി വിവാഹം ചെയ്യുന്നത് ഹി. അഞ്ചാം ആണ്ടിലാണ്. ആ വിവാഹം സമൂഹത്തിൽ സൃഷ്ടിച്ച പുകിൽ നേരത്തേ ചർച്ച ചെയ്യപ്പെട്ടുവല്ലോ. ദത്തുപുത്രന്റെ വിധവയെ വിവാഹം ചെയ്തുവെന്നു മാത്രമായിരുന്നില്ല ആക്ഷേപം. ഭാര്യമാർ നാലിലധികം പാടില്ലെന്ന സ്വന്തം ശരീഅത്തിന്റെ നിയമവും തന്റെ കാര്യത്തിൽ അദ്ദേഹം തള്ളിയിരിക്കുകയാണെന്നും വിമർശനമുണ്ടായിരുന്നു. ഈ വിമർശനം കേട്ട് വിഷമിക്കുന്ന പ്രവാചകനെ ആശ്വസിപ്പിച്ചുകൊണ്ടും വിമർശകരുടെ വായ അടച്ചുകൊണ്ടും അല്ലാഹു പറയുകയാണ്: ഭാര്യമാരുടെ എണ്ണത്തിന്റെ പരിമിതിയിൽനിന്ന് അല്ലാഹു പ്രവാചകനെ ഒഴിവാക്കിയിരിക്കുന്നു. സാധാരണ മുസ്‌ലിംകൾക്ക് ഏർപ്പെടുത്തിയ നിയമം എന്തെന്ന് അല്ലാഹുവിനറിയാം. അവർക്ക് പരിമിതികൾ ഏർപ്പെടുത്തിയ അല്ലാഹു തന്നെയാണ് പ്രവാചകനെ പരിമിതിയിൽനിന്ന് മാറ്റിനിർത്തിയതും. മറ്റു വിശ്വാസികൾക്ക് ബാധകമല്ലാത്തതും പ്രവാചകനു മാത്രം ബാധകമാകുന്നതുമായ നിയമമാണിത്- خَالِصَةً لَّكَ مِن دُونِ الْمُؤْمِنِينَ . മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണ്, അന്ത്യ പ്രവാചകനാണ്. ദിവ്യബോധനം (وحي), വേദാവതരണം (تنزيل الكتاب) തുടങ്ങി മറ്റു വിശ്വാസികൾക്കില്ലാത്തതും വഹിക്കാനാവാത്തതുമായ അതിമാനുഷികവും മാനുഷികവുമായ അനേകം ഗുണങ്ങൾ അദ്ദേഹത്തിനുണ്ട്. ഈ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ചുമത്തുന്നു. ആ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിന് ചിലപ്പോൾ അദ്ദേഹത്തിന് അത്തരം ഉത്തരവാദിത്തങ്ങളൊന്നുമില്ലാത്ത സാധാരണക്കാർക്കുള്ള ചില നിയമങ്ങളിൽനിന്നും നിബന്ധനകളിൽനിന്നും മാറിനിൽക്കേണ്ടിവരും. അവർക്കില്ലാത്ത ചില നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയനാകേണ്ടിയും വരും. എങ്കിലേ അദ്ദേഹത്തിന് ബുദ്ധിമുട്ടില്ലാതെ തന്റെ ദൗത്യം മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ.

നബി(സ)ക്ക് മാത്രം നിർബന്ധമായി നിശ്ചയിക്കപ്പെട്ട കാര്യങ്ങളിൽപെട്ടതായിരുന്നു ആദ്യകാലത്ത് രാത്രിനമസ്കാരം. يَا أَيُّهَا الْمُزَّمِّلُ ﴿١﴾ قُمِ اللَّيْلَ إِلَّا قَلِيلًا ﴿٢﴾ (അല്ലയോ മൂടിപ്പുതച്ചു കിടക്കുന്നവനേ, രാത്രി എഴുന്നേറ്റു നമസ്കരിക്കുക, കുറഞ്ഞ സമയമൊഴിച്ച്- 73:1). പിൽക്കാലത്ത് ഇത് ഐഛിക കർമമാക്കി മാറ്റിയതായി പറയപ്പെടുന്നുണ്ട്. وَمِنَ اللَّيْلِ فَتَهَجَّدْ بِهِ نَافِلَةً لَّكَ (രാവുകാലത്ത് ഖുർആൻ ഓതി തഹജ്ജുദ് നമസ്കരിക്കുക, നിനക്ക് അധികമായ പുണ്യകർമമാണത്- 17:79). ഇവിടെ نَافِلَةً-ന് ഐഛികം, നിർബന്ധമായതിൽ കൂടുതൽ എന്ന് അർഥം കൽപിക്കുമ്പോഴാണിത്. പ്രവാചകന് മറ്റുള്ളവരേക്കാൾ അധികമായി നിർബന്ധമാക്കിയത് എന്നും അർഥമാവാം. അപ്പോൾ തഹജ്ജുദ് പ്രവാചകന് നിർബന്ധവും മറ്റു വിശ്വാസികൾക്ക് ഐഛികമായ പുണ്യകർമവുമാകും. ഒരു നിസ്വനായ വിശ്വാസി കടബാധ്യതയോടുകൂടി മരണപ്പെട്ടാൽ അയാളുടെ കടം വീട്ടേണ്ടത് നബി(സ)യുടെ നിർബന്ധ ബാധ്യതയായിരുന്നു. ഇതുപോലുള്ള വേറെയും പല കാര്യങ്ങൾ പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സമരാർജിത സമ്പത്തിന്റെ അഞ്ചിലൊന്ന് സ്വതന്ത്രമായി കൈകാര്യം ചെയ്യൽ, നാലിലധികം സ്ത്രീകളെ വേൾക്കൽ, എല്ലാ ഭാര്യമാരോടൊപ്പവും വസിക്കുന്ന ദിവസങ്ങളുടെ എണ്ണത്തിൽ തുല്യത പാലിക്കാതിരിക്കൽ

തുടങ്ങി 16 കാര്യങ്ങൾ നബി(സ)ക്ക് മാത്രം ഹലാൽ (അനുവദനീയം) ആയിരുന്നതായും ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു.

സകാത്ത് മുതൽ, പുണ്യം കാംക്ഷിച്ച് വിതരണം ചെയ്യപ്പെടുന്ന ദാനമുതൽ, അനുവദിക്കപ്പെട്ട ഭാര്യമാരിലാരെയെങ്കിലും ഒഴിവാക്കി പകരം മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യൽ തുടങ്ങിയ കാര്യങ്ങൾ നബി(സ)ക്ക് മാത്രം നിഷിദ്ധ(ഹറാം)മാക്കപ്പെട്ട കാര്യങ്ങളിൽപെടുന്നു.

ഈ പ്രത്യേക ചുമതലകൾക്കും അനുവാദ-നിഷിദ്ധങ്ങൾക്കുമെല്ലാം ആത്മീയവും സാംസ്കാരികവും പ്രബോധനപരവും രാഷ്ട്രീയവുമായ മാനങ്ങളുണ്ട്. പ്രവാചകനും സൈനബും തമ്മിൽ നടന്ന വിവാഹത്തിന്റെ താൽപര്യങ്ങളും തത്ത്വങ്ങളും മുൻസൂക്തങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. മറ്റു വിവാഹങ്ങൾ സമൂഹത്തിൽ വിവാദവിഷയമാകാത്തതുകൊണ്ട് അതിന്റെ താൽപര്യങ്ങളും തത്ത്വങ്ങളും ഖുർആൻ വിശദീകരിക്കേണ്ടിവന്നിട്ടില്ല. ഓരോ പ്രവാചക വിവാഹത്തിന്റെയും പ്രബോധനപരവും രാഷ്ട്രീയവുമായ താൽപര്യങ്ങൾ നേരത്തേ 28,29 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* സൂചിപ്പിച്ചിട്ടുണ്ട്.

ദീനിന്റെയും ഉമ്മത്തിന്റെയും നന്മ ലക്ഷ്യമാക്കി പ്രവാചകൻ വിവാഹമൂല്യം നൽകിയിട്ടുള്ള സ്ത്രീകളെല്ലാം അല്ലാഹുവിന്റെ അനുമതിപ്രകാരം അദ്ദേഹം ഭാര്യമാരാക്കിയവരാകുന്നു. യുദ്ധത്തടവുകാരായോ മറ്റുള്ളവരുടെ സമ്മാനമായോ അല്ലാഹു പ്രവാചകന്റെ അധീനത്തിലെത്തിച്ചുതരുന്ന സ്ത്രീകളെയും വിവാഹം ചെയ്യാം. مِمَّا أَفَاءَ اللَّهُ عَلَيْكَ -ന്റെ വാക്കർഥം 'അല്ലാഹു നിന്റെ മേൽ മടക്കിയ' എന്നാണ് أَفَاءَ-യുടെ മൂലമായ فيأ കൂടുതൽ വിശിഷ്ടമായതിലേക്കുള്ള മടക്കമാണ്. സായുധമായി ഏറ്റുമുട്ടാതെ എതിർപക്ഷത്തുനിന്ന് നേടുന്ന സമ്പത്തിന് സാങ്കേതികമായി فيأ എന്നു പറയുന്നു. ഉദാ: ഫദക്ക് കൃഷിയിടങ്ങൾ, ഈജിപ്ഷ്യൻ രാജാവായ മുഖൗഖിസ് പ്രവാചകന് അയച്ചുകൊടുത്ത രണ്ട് ദാസികൾ അടക്കമുള്ള സമ്മാനങ്ങൾ. ഇത്തരം അടിമകളെ പക്ഷേ അടിമകളായിട്ടല്ല വിവാഹം ചെയ്യേണ്ടത്, അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് സ്വതന്ത്രകളാക്കിയിട്ടാണ്. അവർക്ക് നൽകുന്ന സ്വാതന്ത്ര്യമായിരിക്കും അവരുടെ വിവാഹമൂല്യം. പ്രവാചകൻ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് വിവാഹം ചെയ്ത വനിതകളാണ് സ്വഫിയ്യയും ജുവൈരിയ്യയും. വിവാഹം ചെയ്ത് ഭാര്യയാക്കാതെയും അടിമ സ്ത്രീയുമായി ഉടമക്ക് ദാമ്പത്യബന്ധം അനുവദനീയമാകുന്നു. മാരിയത്തുൽ ഖിബ്ത്വിയ്യയും റൈഹാനയും പ്രവാചകന്റെ അടിമ സ്ത്രീകളായിരുന്നു. ഇതിൽ മാരിയയെ പ്രവാചകൻ വിവാഹം ചെയ്തിരുന്നതായി പ്രസ്താവമുണ്ട്. ഈജിപ്ഷ്യൻ രാജാവ് മുഖൗഖിസ് പ്രവാചകന് സമ്മാനമായി അയച്ച ഈ വനിതയിൽ പ്രവാചകന് ഇബ്റാഹീം എന്ന കുട്ടി ജനിച്ചുവെങ്കിലും അവർ മരണം വരെ പ്രവാചകന്റെ അടിമ തന്നെയായിരുന്നുവെന്നാണ് പ്രബലമായ പക്ഷം. പ്രവാചകന്റെ പിതൃസഹോദരീ സഹോദരന്മാരുടെയും മാതൃസഹോദരീ സഹോദരന്മാരുടെയും പെൺമക്കളെയും വിവാഹം ചെയ്യാം. അവർ പക്ഷേ, മക്കയിൽനിന്ന് ഹിജ്റ ചെയ്ത് മദീനയിലെത്തിയവരായിരിക്കണം. اللَّاتِي هَاجَرْنَ مَعَكَ (നിന്റെ കൂടെ ഹിജ്റ ചെയ്തവർ) എന്നാണ് മൂലവാക്യം. നബി ഹിജ്റ ചെയ്യുമ്പോൾ കൂടെ അബൂബക്ർ സിദ്ദീഖ് (റ) മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നത് സുവിദിതമാകുന്നു. അതിനാൽ ഈ വാക്യം കൊണ്ട് ഉദ്ദേശിക്കുന്നത് സത്യവിശ്വാസം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി മക്കയിൽനിന്ന് ദേശത്യാഗം ചെയ്ത് പ്രവാചകന്റെ സാന്നിധ്യമുള്ള മദീനയിൽ വന്നു താമസമാക്കിയവരെയാകുന്നു. അറബികൾ തങ്ങളുടെ ഗോത്രത്തിലെ തൊട്ടു മുമ്പത്തെ തലമുറയെ തങ്ങളുടെ മാതൃ-പിതൃ സഹോദരീ സഹോദരന്മാരായി ഗണിച്ചിരുന്നു. ആ അർഥത്തിൽ, മാതൃ-പിതൃ സഹോദരീ സഹോദര പുത്രിമാർ കൊണ്ടുദ്ദേശിക്കുന്നത് ഖുറൈശീ ഗോത്രത്തിൽപെട്ട വനിതകളെ മൊത്തത്തിലാകാം. പ്രവാചകപത്നിമാരിൽ ആറു പേർ ഖുറൈശീ ഗോത്രത്തിൽനിന്നുള്ളവരായിരുന്നു. ഖുറൈശീ ഗോത്രജയായ ഉമ്മു ഹാനിഇനെ പ്രവാചകൻ വിവാഹം ആലോചിച്ചുവെങ്കിലും അവർ മുഹാജിറത്ത് അല്ലാത്തതുകൊണ്ട് വേണ്ടെന്നുവെച്ചു.

തങ്ങളെ പ്രവാചകനു വേണ്ടി സ്വയം സമർപ്പിക്കുന്ന സ്ത്രീകളെയും പ്രവാചകന് നികാഹ് ചെയ്യാം. ചില സ്ത്രീകൾ പ്രവാചകന്റെ പത്നീപദവും നിത്യസമ്പർക്കവും കൊതിച്ചുകൊണ്ട് പ്രവാചകസന്നിധിയിൽ വന്ന് തങ്ങളെ അദ്ദേഹത്തിനു സമർപ്പിക്കുന്നുവെന്ന് അറിയിക്കാറുണ്ടായിരുന്നു. അത്തരം സ്ത്രീകളെ മഹ്റ് നൽകാതെ നികാഹ് ചെയ്യാൻ പ്രവാചകന് അനുവാദമുണ്ടായിരുന്നു. മൈമൂന ബിൻത് ഹാരിസ്, സൈനബ് ബിൻത് ഖുസൈമ, ഉമ്മു ശുറൈക് ബിൻത് ജാബിർ എന്നിങ്ങനെ നാല് വനിതകൾ പ്രവാചകന് സ്വയം സമർപ്പിച്ചതായി ചരിത്രമുണ്ട്. അവരിൽ ആദ്യം പറഞ്ഞ രണ്ടു പേരെ നബി വിവാഹം ചെയ്തു. മറ്റു രണ്ടു പേരെ സ്വീകരിച്ചില്ല. അവരെ നികാഹ് ചെയ്യുന്നതിൽ ദീനിയായ ഗുണം കാണാത്തതുകൊണ്ടാവാം ഒഴിവാക്കിയത്.

മാതൃ-പിതൃ സഹോദരീ സഹോദരന്മാരുടെ പെൺമക്കളെയും പുരുഷന് സ്വയം സമർപ്പിക്കുന്ന സ്ത്രീകളെയും വിവാഹം ചെയ്യാൻ എല്ലാ മുസ്‌ലിംകൾക്കും അനുവാദമുണ്ട്. സ്വയം സമർപ്പിതയായ സ്ത്രീയെ വിവാഹം ചെയ്യുന്നതിന് അവളുടെ രക്ഷിതാവിന്റെ സമ്മതം ആവശ്യമാകുന്നു. അവൾക്ക് ന്യായമായ വിവാഹമൂല്യം നൽകാൻ പുരുഷൻ ബാധ്യസ്തനുമാകുന്നു. മറ്റു വിശ്വാസികളെ കൂടാതെ നിനക്കു മാത്രം -خَالِصَةً لَّكَ مِن دُونِ الْمُؤْمِنِينَ- എന്നു പറഞ്ഞത് ഭാര്യമാരുടെ എണ്ണം നാലിൽ അധികമാക്കാനുള്ള അനുവാദത്തെയാണ്. ഭാര്യമാരുമായുള്ള സഹവാസത്തിൽ തുല്യത പാലിക്കണമെന്ന നിയമത്തിൽനിന്നു കൂടി നബി(സ)യെ ഒഴിവാക്കിയതായി അടുത്ത സൂക്തം പറയുന്നുണ്ട്. ബഹുഭാര്യത്വത്തെക്കുറിച്ചും പുരുഷന്മാരുടെ അധീനതയിൽ വരുന്ന സ്ത്രീകളെക്കുറിച്ചും അവരോട് പാലിക്കേണ്ട മര്യാദകളെക്കുറിച്ചും സൂറ *അന്നിസാഅ്* 3-ാം സൂക്തത്തിൽ നൽകിയ വിധികൾ റദ്ദു ചെയ്തുകൊണ്ടല്ല പ്രവാചകന് ഈ അനുവാദം നൽകുന്നതെന്ന് പ്രത്യേകം ഓർമിപ്പിക്കുകയാണ് قَدْ عَلِمْنَا مَا فَرَضْنَا عَلَيْهِمْ فِي أَزْوَاجِهِمْ وَمَا مَلَكَتْ أَيْمَانُهُمْ എന്ന വാക്യം. ആ വിധികളെല്ലാം അതേപ്രകാരം തന്നെ നിലനിൽക്കുന്നു. ദീനീ പ്രബോധകനായും ദൈവദൂതനായും പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടൊഴിവാക്കുന്നതിനു വേണ്ടി പ്രവാചകനു മാത്രം നൽകിയ അനുവാദമാണ് ഇവിടെ പറയുന്നത്. لِكَيْلَا يَكُونَ عَلَيْكَ حَرَجٌ

എന്ന വാക്യത്തെ, പ്രവാചകൻ ഏതെങ്കിലും സ്ത്രീയെ മോഹിച്ചിട്ട് ഭാര്യമാരുടെ എണ്ണം നാലിൽ കൂടാൻ പാടില്ലാത്തതിനാൽ അവരെ വിവാഹം ചെയ്യാനാകാതെ ബുദ്ധിമുട്ടുന്നത് ഒഴിവാക്കാൻ എന്നാണ് ചിലർ വ്യാഖ്യാനിച്ചിട്ടുള്ളത്. അവരുടെ ദൃഷ്ടിയിൽ അസാധാരണമാംവണ്ണം കാമാസക്തനും അതിശക്തനും ആയതുകൊണ്ട് അല്ലാഹു നൽകിയ ആനുകൂല്യങ്ങളാണിത്. സുന്ദരിയായ ഒരു പെണ്ണിനെ കണ്ടാൽ അദ്ദേഹം കാമപരവശനാവുകയും ഉടനെ ഭാര്യമാരെ സമീപിച്ച് വികാരം ശമിപ്പിക്കുകയും ചെയ്യും. ഭർതൃമതിയായ ഒരു സ്ത്രീയെ അദ്ദേഹം നോക്കിയാൽ, ഭർത്താവ് അവളെ വിവാഹ മോചനം ചെയ്യേണ്ടത് നിർബന്ധമായി, ആ സ്ത്രീയെ പ്രവാചകൻ വിവാഹം ചെയ്യാൻ വേണ്ടി എന്നുവരെ പോയിരിക്കുന്നു ചിലരുടെ വ്യാഖ്യാനം.

ഹദീസുകൾ എന്ന ലേബലിലുള്ള കിംവദന്തികളാണ് അതിനൊക്കെ ആധാരമായിട്ടുള്ളത്. മഹാന്മാരെന്നു കരുതപ്പെടുന്നവർ നബി(സ)യെക്കുറിച്ച് പറഞ്ഞതെന്തും നബിചര്യയായി സ്വീകരിക്കപ്പെടേണമെന്ന വാശി പ്രവാചകശത്രുക്കൾക്ക് അദ്ദേഹത്തെ അടിക്കാൻ കുറച്ചൊന്നുമല്ല വടികൾ കൊടുത്തിട്ടുള്ളത്. നിവേദകന്മാരെ ബഹുമാനിച്ച് ഇത്തരം ആരോപണങ്ങൾ സ്വീകരിക്കുമ്പോൾ അവരുടെ ബഹുമാനത്തിന്റെ മൂലസ്രോതസ്സായ പ്രവാചകന്റെ മഹത്വവും വിശുദ്ധിയും നിഷേധിക്കുകയും പ്രവാചകവിരുദ്ധർക്ക് ആയുധങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്. കേരളത്തിലടക്കം ലോകമെങ്ങുമുള്ള ഇസ്‌ലാംവിരുദ്ധരും നിരീശ്വരവാദികളും യഥേഷ്ടം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് ഈ ആയുധങ്ങളാണ്.

ഈ സൂക്തവും തൊട്ടടുത്ത സൂക്തവും മുഹമ്മദ് (സ) സ്വന്തം വിവാഹങ്ങളെ ന്യായീകരിക്കുന്നതിനു വേണ്ടി സ്വയം ചമച്ചതാണെന്ന് നിരീശ്വരവാദികൾ വാദിക്കാറുണ്ട്. ഖുർആൻ മുഴുവൻ മുഹമ്മദിന്റെ രചനയാണെന്നതിന്റെ തെളിവു കൂടിയാണിത്.... ഖുർആനിൽ മുഹമ്മദ് നബിയെ പ്രശംസിക്കുന്ന സൂക്തങ്ങളുണ്ട്, കുറ്റപ്പെടുത്തുന്ന സൂക്തങ്ങളുണ്ട്. കൽപിക്കുകയും നിരോധിക്കുകയും ചെയ്യുന്ന സൂക്തങ്ങളുണ്ട്. നിർദേശിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന സൂക്തങ്ങളുമുണ്ട്. ചിലത് പ്രവാചകന് സന്തോഷം നൽകുന്നതാണെങ്കിൽ ചിലത് ദുഃഖിതനാക്കുന്നതാണ്. ചില സൂക്തങ്ങൾ പ്രവാചകനെ ആശങ്കപ്പെടുത്തുമ്പോൾ ചില സൂക്തങ്ങൾ ആത്മവിശ്വാസവും ആവേശവും വളർത്തുന്നു. ചിലത് ക്ലേശമുണ്ടാക്കുമ്പോൾ ചിലത് ആശ്വാസം നൽകുന്നു. ഖുർആൻ പരിശോധിച്ചാൽ വൈവിധ്യമാർന്ന ഇത്തരം സൂക്തങ്ങളുടെ സമാഹാരമാണതെന്നു കാണാം. പ്രകൃത സൂക്തം അതിന്റെ അവതരണ പശ്ചാത്തലത്തിൽ പ്രവാചകന് ആശ്വാസവും സൗകര്യവും നൽകുന്നതാണെന്ന് നടേപറഞ്ഞ വിശദീകരണത്തിൽനിന്ന് വ്യക്തമാണല്ലോ. തന്നെ സാധൂകരിക്കാനും ന്യായീകരിക്കാനും മുഹമ്മദ് (സ) രചിച്ചതാണീ സൂക്തങ്ങളെങ്കിൽ അദ്ദേഹത്തെ ചോദ്യം ചെയ്യുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന സൂക്തങ്ങൾ രചിച്ചതെന്തിനാണ്? ഒരാൾ ഒരേ സമയം തന്നെ ന്യായീകരിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുമോ? ഈ സൂക്തങ്ങൾ ഇഷ്ടാനുസാരം സ്ത്രീകളെ വേൾക്കാനുള്ള അനുവാദമാണെങ്കിൽ തുടർന്നുവരുന്ന സൂക്തത്തിൽ പറയുന്നത് ഇനി പ്രവാചകൻ വിവാഹം കഴിക്കുകയോ ഉള്ള ഭാര്യമാരെ ഒഴിവാക്കി പകരം വേറെ ഭാര്യമാരെ സ്വീകരിക്കുകയോ ചെയ്യരുതെന്നാണ്. ഇത് ആരുടെ എന്തു താൽപര്യത്തിനു വേണ്ടിയാണ്? ഈ സൂക്തവും പ്രവാചകന്റെ ആസക്തിപൂരണത്തിനു വേണ്ടിയുള്ളതാകുമോ? മുഹമ്മദ് നബി(സ)യുടെ യാഥാർഥ്യം മനസ്സിലാക്കാൻ അദ്ദേഹം ഈ ലോകത്ത് സൃഷ്ടിച്ച വിപുലമായ വിപ്ലവത്തെക്കുറിച്ച് നിഷ്പക്ഷമായി ചിന്തിച്ചു നോക്കിയാൽ മതി. പക്ഷേ, യുക്തിവാദം അന്ധവിശ്വാസത്തിന്റെ വിതാനത്തിലെത്തിയവർക്ക് അതിന് കഴിയില്ല.

പ്രവാചക വിവാഹങ്ങളെ പ്രവാചകന്റെ ദൗത്യത്തിലൂടെ കാണാതെ ലൈംഗികതയിലൂടെ മാത്രം നോക്കിക്കണ്ടതിന്റെ ഫലമാണിത്തരം വ്യാഖ്യാനാഭാസങ്ങൾ. പ്രവാചകൻ വിഷയലമ്പടനായിരുന്നുവെങ്കിൽ -معاذ الله അത് പ്രകടമാക്കേണ്ടത് അദ്ദേഹത്തിന്റെ യൗവനകാലത്തായിരുന്നു. അമ്പത്തിനാലു വയസ്സ് പിന്നിടുന്നതുവരെ, നേരത്തേ വിവാഹിതയാവുകയും പ്രസവിക്കുകയും ചെയ്തിട്ടുള്ള, തന്നേക്കാൾ പ്രായമേറിയ വിധവയായ ഖദീജ മാത്രമായിരുന്നു തിരുമേനിയുടെ ഭാര്യ. മദീനയിൽ ചെന്ന് പ്രബോധന പ്രവർത്തനം വിപുലീകരിക്കുകയും മദീനാ സമൂഹത്തിന്റെ ഭരണമേറ്റെടുക്കുകയും ചെയ്ത ശേഷമാണ് അദ്ദേഹത്തിന്റെ വിവാഹങ്ങളേറെയും നടക്കുന്നത്. ആ വിവാഹങ്ങൾക്കെല്ലാം പ്രേരകം പ്രബോധനപരമോ രാജ്യതന്ത്രപരമോ ആയ ലക്ഷ്യങ്ങളായിരുന്നു. അറേബ്യൻ സങ്കൽപമനുസരിച്ച് ഒരാൾ ഒരു കുടുംബത്തിൽനിന്ന് വിവാഹം ചെയ്താൽ അയാൾ ആ കുടുംബത്തിന്റെ മുഴുവൻ മരുമകനാണ്. ബഹുഭാര്യത്വത്തിലൂടെ ആ ഒരു പരിഗണന പല ഗോത്രങ്ങളിൽനിന്നും നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉമ്മുൽ മുഅ്മിനീൻ ഉമ്മു ഹബീബയുമായുള്ള വിവാഹത്തെക്കുറിച്ചാലോചിക്കുക. അബ്സീനിയയിലേക്ക് ഹിജ്റ ചെയ്യുകയും അവിടെ വെച്ച് ഭർത്താവ് അബ്ദുല്ല ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ഇസ്‌ലാമിൽ ഉറച്ചുനിന്ന ഉമ്മു ഹബീബ അയാളുമായി വേർപിരിഞ്ഞ് തികച്ചും ഒറ്റപ്പെട്ട് ജീവിക്കുകയായിരുന്നു. പ്രവാചകന്റെ പ്രത്യേക പരിഗണനയും സംരക്ഷണവും അർഹിക്കുന്ന അവരെ ഹിജ്റ ഏഴാം വർഷം അദ്ദേഹം വിവാഹം ചെയ്തപ്പോൾ അവർ സുരക്ഷിതയായതോടൊപ്പം ഖുറൈശീ നേതാവായ അബൂസുഫ്‌യാന്റെ കുടുംബത്തിലെ മരുമകനാവുക കൂടിയായിരുന്നു. ഉഹുദിലും അഹ്സാബിലുമൊക്കെ ഖുറൈശിപ്പടയെ നയിച്ച അബൂസുഫ്‌യാൻ പിന്നീട് പ്രവാചകനെതിരെ പട നയിച്ചിട്ടില്ല. ഇത്തരം ഉത്തമ താൽപര്യങ്ങളുടെ അഭാവത്തിൽ തനിക്കു വേണ്ടി സ്വയം സമർപ്പിച്ച സ്ത്രീകളെപ്പോലും അദ്ദേഹം സ്വീകരിച്ചിട്ടില്ല എന്നു കൂടി ഓർക്കേണ്ടതാണ്.

ബഹുഭാര്യമാരുടെ ഭർതൃത്വം പ്രവാചകനിൽ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ചുമത്തുന്നുണ്ട്. അതൊക്കെ സമ്പൂർണമായും കൃത്യമായും നിറവേറ്റുക എളുപ്പമുള്ള കാര്യമല്ല. എങ്കിലും മനഃപൂർവമല്ലാതെ വന്നുപോകുന്ന വീഴ്ചകൾ അല്ലാഹു കാരുണ്യത്തോടെ ഉദാരമായി പൊറുത്തുതരുമെന്ന് പ്രതീക്ഷിക്കാം എന്നാശ്വസിപ്പിക്കുകയാണ് وَكَانَ اللَّهُ غَفُورًا رَّحِيمًا. ●